**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*93** **10.08.2017 -ൽ മറുപടിക്ക്**

## കെ.എസ്.റ്റി.പി.റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലോകബാങ്ക് വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.അനൂപ് ജേക്കബ്**<br>**ശ്രീ.റോജി എം ജോൺ** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |

(എ) സംസ്ഥാനത്ത് കെ.എസ്.റ്റി.പി. റോഡ് നിർമ്മാണപ്രവർത്തനങ്ങൾക്ക് വേഗതയില്ലാത്തതിനാൽ ലോകബാങ്ക് അനുവദിച്ച വായ്പയിൽ 300 കോടി പിൻവലിക്കുന്നുവെന്നത് വസ്തുതയാണോ എന്നറിയിക്കാമോ;

(എ) കെ.എസ്.റ്റി.പി. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലോകബാങ്ക് അനുവദിച്ച വായ്പ പിൻവലിക്കുന്നതിനെപ്പറ്റി സർക്കാരിന് ഒരു അറിയിപ്പും ലഭിച്ചിട്ടില്ല.

(ബി) കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ ഏതൊക്കെയാണ്; അതിന് ലോകബാങ്ക് മുഖേന സഹായമായി ലഭിക്കുന്ന തുക എത്രയാണ്;

(ബി) കെ.എസ്.റ്റിപി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടേയും, അംഗീകരിക്കപ്പെട്ടിട്ടുള്ള അടങ്കൽ തുകകളുടേയും വിവരങ്ങൾ താഴെ പ്രതിപാദിക്കുന്നു.

2016-17ന് മുൻപ് തുടങ്ങിയ പ്രവർത്തികൾ

| ക്രമ നം. | റോഡിന്റെ പേര് | നീളം (കി.മീ) | കരാർ തുക (കോടി രൂപ) |
|---|---|---|---|
| 1 | കാസർകോഡ്-കാഞ്ഞങ്ങാട് റോഡ് | 27.80കി.മീ | 133.05 |
| 2 | പിലാത്തറ - പാപ്പിനിശ്ശേരി റോഡ് | 20.90കി.മീ | 118.20 |
| 3 | ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് | 45.80കി.മീ | 293.58 |
| 4 | തിരുവല്ല ബൈപ്പാസ് | 2.30കി.മീ | 31.80 |
| 5 | ഏറ്റുമാനൂർ - മൂവാറ്റു പുഴ | 40.960കി.മീ | 171.49 |

| | | | |
|---|---|---|---|
| 6 | പൊൻകുന്നം-തൊടുപുഴ റോഡ് | 48.963.കി.മീ | 227.13 |
| 2016-17 ൽ തുടങ്ങിയവ | | | |
| 3A | തലശ്ശേരി - കളറോഡ് റോഡ് | 28.80കി.മീ | 156.59 |
| 3B | കളറോഡ്-വളവുപാറ റോഡ് | 25.26കി.മീ | 209.68 |
| | കഴക്കൂട്ടം - തൈക്കോട് - അടൂർ റോഡ് (മാതൃകാ - സുരക്ഷാ റോഡ്) | 80.കി.മീ | 146.67 |
| 7 | പെരുമ്പിലാവ് -പെരുന്തൽമണ്ണ റോഡ് | 18കി.മീ | 8.00 (പൂർത്തിയായി) |

ലോകബാങ്ക് പദ്ധതികൾക്ക് വേണ്ടി 56% ലോകബാങ്ക് വിഹിതവും 44% സംസ്ഥാന സർക്കാർ വിഹിതവും ആയിട്ടാണ് ക്രമീകരിച്ചിട്ടുള്ളത്.

(സി) പദ്ധതി നടത്തിപ്പിലുണ്ടായ മെല്ലെ പ്പോക്ക് സംബന്ധിച്ച് ലോകബാങ്ക് ടീം ലീഡർക്കെതിരെ മന്ത്രി പരാമർശം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പരാമർശം നടത്തിയത്; ഇക്കാര്യ ത്തിൽ ലോകബാങ്ക് അവരുടെ അതൃപ്തി അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്ത മാക്കുമോ?

(സി) ലോകബാങ്ക് ലീഡർക്കെതിരെ ഉദ്ദേശംവെച്ച് മന:പൂർവ്വമായ പരാമർശങ്ങളൊന്നും നടത്തിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് കെ.എസ്.റ്റി.പി.ക്കോ സംസ്ഥാന സർക്കാരിനോ ലോകബാങ്കിൽ നിന്നും പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. കെ.എസ്.ടി.പി. പദ്ധതികളിൽ പൊൻകുന്നം-തൊട്ടുപുഴ, തിരുവല്ലാ ബൈപ്പാസ് തുടങ്ങിയ പണികളിലുള്ള ക്രമക്കേട് ആക്ഷേപങ്ങൾ ലോക ബാങ്ക് അന്വേഷിക്കണമെന്ന് ടീം ലീഡറോട് നിരവധി മീറ്റിംഗുകളിൽ ആവശ്യപ്പെട്ടിരുന്ന കാര്യമാണ് പ്രസംഗിച്ചത്.

S. Bindu

**സെക്ഷൻ ഓഫീസർ**